ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:19.03.2025**

## പ്രധാനവാർത്തകൾ

1) ഒൻപത് മാസത്തിന് ശേഷം ബഹിരാകാശത്ത് നിന്ന് തിരികെയെത്തിയ സുനിത വില്യംസിന്റെയും ബുച്ച് വിൽമോറിന്റെയും പുനരധിവാസ പരിപാടി ആരംഭിച്ചു.

2) പാർലമെന്റിൻരെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. ഭൂമിയിൽ മടങ്ങിയെത്തിയ നാസയുടെ ബഹിരാകാശ യാത്രികരെ അഭിനന്ദിച്ച് ലോക്സഭ .

3) തലശ്ശേരിയിൽ പോലീസുകാരെ സ്ഥലം മാറ്റിയ സംഭവം നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാനുള്ള നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്.

4) യുവാക്കൾക്കിടയിലെ മാനസികപ്രശ്നങ്ങൾക്കും ലഹരി ഉപയോഗത്തിനും പരിഹാരം കാണാൻ സർക്കാർ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് കൂട്ടായ പ്രവർത്തന നടത്തുന്നുണ്ടെന്ന് മന്ത്രി സജി ചെറിയാൻ.

5) മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസത്തിന് ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം അനുവദിക്കാൻ മന്ത്രിസഭാ യോഗത്തിൽ തീരുമാനം.

RNU TVPM

6) സംസ്ഥാനത്ത് ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്കും, കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് നിർദേശം.

************************************

## നാസ

ഒൻപത് മാസം ബഹിരാകാശത്ത് ചെലവഴിച്ചതിന് ശേഷം തിരികെയെത്തിയ നാസ ബഹിരാകാശയാത്രികർ സുനിത വില്യംസിൻറെയും ബുച്ച് വിൽമോറിൻറെയും 45 ദിവസത്തെ പുനരധിവാസ പരിപാടി ആരംഭിച്ചു. ഭൂമിയുടെ ഗുരുത്വാകർഷണവുമായി പൊരുത്തപ്പെടാൻ സഹായിക്കുകയും ബഹിരാകാശയാത്രികരുടെ ശാരീരിക ആരോഗ്യം പുനഃസ്ഥാപിക്കുകയുമാണ് ലക്ഷ്യം. ഇന്ന് പുലർച്ചെ 3.27 ഓടെയാണ് നാല് യാത്രികരുമായി പേടകം ഭൂമിയിൽ എത്തിയത്. സുനിതാ വില്യംസിനും ബുച്ച് വിൽമോറിനും പുറമെ നിക്ക് ഹേഗ്, അലക്സാണ്ടർ ഗോർബുനോവ് എന്നിവരാണ് പേടകത്തിൽ ഉണ്ടായിരുന്നത്.

RNU TVPM

************************************

## നാസ- രാഷ്ട്രപതി, പ്രധാനമന്ത്രി

ബഹിരാകാശയാത്രികരുടെ ചരിത്രപരമായ യാത്ര ദൃഢനിശ്ചയത്തിന്റെയും കൂട്ടായ പ്രവർത്തനത്തിൻറെയും അസാധാരണ ധൈര്യത്തിന്റെയും മാതൃകയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. നാസയിലെ മുഴുവൻ സംഘത്തെയും രാഷ്ട്രപതി അഭിനന്ദിച്ചു . ക്രൂ 9 ദൗത്യത്തിന്റെ സുരക്ഷിതമായ തിരിച്ചുവരവ് ഉറപ്പാക്കാൻ അക്ഷീണം പ്രയത്നിച്ചവരുടെ ശ്രമങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും അഭിനന്ദിച്ചു.

************************************

## പാർലമെൻറ്

പാർലമെൻറിന്റെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. ബഹിരാകാശത്ത് നിന്ന് ഭൂമിയിലെത്തിയ സുനിതാ വില്യംസ് ഉൾപ്പെടെയുള്ള ബഹിരാകാശ യാത്രികരെ ലോക്സഭ അഭിനന്ദിച്ചു. 2040 ഓടെ ഇന്ത്യയിൽ നിന്നും ബഹിരാകാശത്തേക്ക് പോകാൻ യാത്രികർ ഉണ്ടാകുമെന്ന് കേന്ദ്രസഹമന്ത്രി ജിതേന്ദ്രസിംഗ് ലോക്സഭയിൽ പറഞ്ഞു.

*************************************************

## എ എൻ ഷംസീർ :സുനിത വില്ല്യംസ്

ബഹിരാകാശ പര്യവേക്ഷണത്തിന് ശേഷം ഭൂമിയിൽ മടങ്ങിയെത്തിയ സുനിതാ വില്ല്യംസിനെയും സംഘത്തെയും അഭിനന്ദിച്ച് നിയമസഭ. ബഹിരാകാശ പര്യവേക്ഷണത്തിലെ ഈ വിജയം ലോകമെമ്പാടുമുള്ള സ്ത്രീകൾക്കും യുവജനങ്ങൾക്കും പ്രചോദനമാകേണ്ടതാണെന്ന് സ്പീക്കർ എ എൻ ഷംസീർ പറഞ്ഞു.

*************************************************

RNU TVPM

## പ്രതിപക്ഷ വാക്ക് ഔട്ട്

നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപ നോട്ടീസിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം സഭ വിട്ടിറങ്ങിയത്. കണ്ണൂർ തലശ്ശേരിയിൽ ക്ഷേത്രോത്സവത്തോടനു ബന്ധിച്ച് ഉണ്ടായ സംഘർഷത്തിൽ കേസ് എടുത്ത പോലീസ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയത് സഭ നിർത്തിവച്ചു ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് സണ്ണി ജോസഫ് ആണ് നോട്ടീസ് നൽകിയത്. എന്നാൽ വിഷയം പൊതു പ്രാധാന്യമർഹിക്കാത്തതിനാൽ ചട്ടം 50 പ്രകാരം നോട്ടീസ് അനുവദിക്കാൻ കഴിയില്ല എന്ന് സ്പീക്കർ അറിയിച്ചു. വിഷയം സബ്മിഷൻ ആയി സഭയിൽ അവതരിപ്പിക്കാം എന്നും സ്പീക്കർ

പറഞ്ഞു. സർക്കാരിന് അപ്രിയമായ കാര്യങ്ങൾ സഭയിൽ കൊണ്ട് വരുന്നത് സമ്മതിക്കില്ല എന്ന് പറയുന്നത് ശരിയായ നടപടിയല്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ വാക്ക് ഔട്ട് പ്രസംഗത്തിൽ ആരോപിച്ചു.

************************************************

## മന്ത്രി സജി ചെറിയാൻ (ഇൻട്രോ)

സിനിമകളിൽ ലഹരി ഉപയോഗവും അക്രമവാസനയും പ്രോത്സാഹിപ്പിക്കുന്ന രംഗങ്ങൾ തടയുന്ന കാര്യം കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെയും സെൻസർ ബോർഡിന്റെയും ശ്രദ്ധയിൽപ്പെടുത്തിയതായി മന്ത്രി സജി ചെറിയാൻ. സിനിമകളിൽ ഇത്തരം രംഗങ്ങൾ നിയന്ത്രിക്കുന്നത് സംബന്ധിച്ച് സിനിമാ പ്രവർത്തകർ തത്വത്തിൽ അംഗീകരിച്ചതായും അദ്ദേഹം നിയമസഭയെ അറിയിച്ചു. യുവാക്കൾക്കിടയിലെ മാനസികപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് കൂട്ടായ പ്രവർത്തനമാണ് സർക്കാർ നടത്തുന്നതെന്നും അദ്ദേഹം ചോദ്യോത്തരവേളയിൽ പറഞ്ഞു.

(വോയ്സ്)

************************************************

## മന്ത്രി സജി ചെറിയാൻ

ആഴക്കടലിലെ വൻകിട മത്സ്യ ബന്ധനത്തിനുള്ള കേന്ദ്ര അനുമതി സംസ്ഥാനത്തെ പരമ്പരാഗത മത്സ്യ തൊഴിലാളികളെ ഗുരുതരമായി ബാധിക്കുമെന്ന് മന്ത്രി സജി ചെറിയാൻ. ഇതിനെതിരെ യോജിച്ച സമര പരിപാടികൾ നടത്തണമെന്നും അദ്ദേഹം നിയമസഭയിൽ പറഞ്ഞു.

************************************************

RNU TVPM

## മന്ത്രി റോഷി അഗസ്റ്റിൻ .. ഇൻട്രോ

സംസ്ഥാനത്തെ നദികളിലെ എക്കലും ചെളിയും നീക്കം ചെയ്യുന്നതിനായി ശാസ്ത്രീയമായ പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടത്തി വരുന്നുണ്ടെന്ന് മന്ത്രി റോഷി അഗസ്റ്റിൻ നിയമസഭയെ അറിയിച്ചു. പെരിയാർ, മൂവാറ്റുപെരിയാർ, കടമ്പ്രയാർ നദികളിലും അവയുടെ പോഷക നദികളിലും അടിഞ്ഞു കൂടിയ ചെളിയും അവശിഷ്ടങ്ങളും നീക്കം ചെയ്യുന്നതിന് 2022 ഫെബ്രുവരിയിൽ ആരംഭിച്ച ഓപ്പറേഷൻ വാഹിനി പദ്ധതി 2025-26ഓടെ പൂർത്തീകരിക്കുമെന്നും അദ്ദേഹം ചോദ്യോത്തര വേളയിൽ പറഞ്ഞു.

(വോയ്സ്)

PRD TVPM

************************************

## വയനാട് - മന്ത്രിസഭ

മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസത്തിന് ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം അനുവദിക്കാൻ മന്ത്രിസഭാ യോഗത്തിൽ തീരുമാനം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് തുക അനുവദിക്കുന്നത്. കൂടാതെ ഉരുൾപൊട്ടലിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട മേപ്പാടി പഞ്ചായത്തിലെ ഏഴ് കുട്ടികൾക്കും മാതാപിതാക്കളിൽ ഒരാൾ നഷ്ടപ്പെട്ട 14 കുട്ടികൾക്കും പഠനാവശ്യത്തിനായി പത്ത് ലക്ഷം രൂപ അനുവദിക്കാനും മന്ത്രിസഭ തീരുമാനിച്ചു.

************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

***************************************

## മന്ത്രി പി എ മുഹമ്മദ് റിയാസ്-ടൂറിസം

കേന്ദ്ര വിനോദ സഞ്ചാര വകുപ്പ് മന്ത്രി ഗജേന്ദ്രസിംഗ് ഷെഖാവത്തുമായി മന്ത്രി പി എ മുഹമ്മദ് റിയാസ് കൂടിക്കാഴ്ച നടത്തി. കേരളത്തിലെ ടൂറിസം, വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യതായും ശ്രീ. പി എ മുഹമ്മദ് റിയാസ് അറിയിച്ചു. കേന്ദ്ര ടൂറിസം സഹമന്ത്രി സുരേഷ് ഗോപിയും സന്നിഹിതനായിരുന്നു. സംസ്ഥാനത്ത് ബീച്ച് ടൂറിസം വികസിപ്പിക്കുന്നതിന് തീരദേശ നിയന്ത്രണ മേഖലാ നിയമങ്ങളിൽ ഇളവു കൊണ്ടുവരുന്നത് സംബന്ധിച്ചും വെൽനസ് ടൂറിസത്തിന് പ്രത്യേക പദ്ധതി അനുവദിക്കുന്നത് സംബന്ധിച്ചും കേന്ദ്രമന്ത്രിയുമായി ചർച്ച നടത്തി. .

RNUTVPM

***************************************

## വാഗമൺ -ഫെസ്റ്റിവൽ. .......ഇൻട്രോ

വാഗമൺ അന്താരാഷ്ട്ര ടോപ് ലാൻഡിംഗ് ആക്കുറസി കപ്പ് ഇന്ന് മുതൽ 23 വരെ വാഗമൺ അഡ്വഞ്ചർ പാർക്കിൽ നടക്കും. 75 മത്സരാർത്ഥികളും നാല്പതിലധികം വിദേശ ഗ്ലൈഡറുകളും ഫെസ്റ്റിവെലിൽ പങ്കെടുക്കും.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ......**

(വോയ്സ്)

***************************************

## ആശാവർക്കർ -ചർച്ച

ആശാ പ്രവർത്തകരെ വീണ്ടും ചർച്ചക്ക് വിളിച്ച് എൻ എച്ച് എം സ്റ്റേറ്റ് മിഷൻ. ഇന്ന് ഉച്ചയ്ക്കാണ് ചർച്ച. ആശാ പ്രവർത്തകർ നാളെ

അനിശ്ചിതകാല നിരാഹാര സമരം ആരംഭിക്കാനിരിക്കെയാണ് എൻ എച്ച് എം മിഷൻ ചർച്ചക്ക് വിളിച്ചിരിക്കുന്നത്.

*************************************

## മഴ

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ഇടിമിന്നലോടു കൂടിയ ഒറ്റപ്പെട്ട മഴയ്ക്കും, ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടിമിന്നലിൻറെ അപകട സാധ്യത കണക്കിലെടുത്ത്, കാർമേഘം കണ്ടുതുടങ്ങുമ്പോൾ മുതൽ പൊതുജനങ്ങൾ മുൻകരുതൽ പാലിക്കണമെന്നാണ് ജാഗ്രതാ നിർദ്ദേശം.

*************************************

## മങ്കൊമ്പ് ഗോപാലകൃഷ്ണൻ

ഗാനരചയിതാവ് മങ്കൊമ്പ് ഗോപാലകൃഷ്ണന് സാംസ്കാരിക കേരളം ഇന്ന് വിട നൽകും. എറണാകുളം ടൗൺ ഹാളിലും തൈക്കൂടത്തെ വീട്ടിലുമാണ് പൊതുദർശനം. ഉച്ചയ്ക്ക് രണ്ടിന് തൃപ്പൂണിത്തുറ ശ്മശാനത്തിലാണ് സംസ്കാരം.

RNUTVPM

*************************************

## അനധികൃത വഴിയോരകടകൾ

കൊല്ലം കോർപ്പറേഷൻ പരിധിയിലെ കടപ്പാക്കട മുതൽ കരിക്കോട് വരെയും ക്യു.എ.സി റോഡിന്റെ ഇരുവശങ്ങളിലുമായി പ്രവർത്തിക്കുന്ന അനധികൃത വഴിയോര കച്ചവടങ്ങൾ, തട്ടുകടകൾ എന്നിവ ഒഴിപ്പിക്കാൻ നടപടി ആരംഭിച്ചു. ഗതാഗത തടസ്സവും കാൽനട യാത്രക്കാർക്ക് പ്രയാസവും ഉണ്ടാക്കിയിരുന്ന കടകളാണ് ഒഴിപ്പിച്ചത്. കോർപ്പറേഷന്റെ വെൻഡിങ് സോൺ അനുമതിയുള്ള വഴിയോര കടവടക്കാരെ മാത്രമേ ഇനി

മുതൽ കച്ചവടത്തിന് അനുവദിക്കുവെന്ന് കോർപ്പറേഷൻ അറിയിച്ചു.

**************************************

## ഖേലോ ഇന്ത്യ പാരാ ഗെയിംസ്

ഖേലോ ഇന്ത്യ പാരാ ഗെയിംസ് 2025ന് നാളെ തുടക്കം. ആറ് ഇനങ്ങളിലായി ആയിരത്തി മുന്നൂറിലധികം പാരാ അത്‌ലറ്റുകൾ ഗെയിംസിൽ മത്സരിക്കും. ഈ മാസം 27 വരെയാണ് ഖേലോ ഇന്ത്യ പാരാ ഗെയിംസ് നടക്കുന്നത്.

**************************************

## ആകാശവാണി 75-ാം വാർഷികം

ആകാശവാണി കോഴിക്കോട് നിലയത്തിന്റെ 75-ാം വാർഷികാഘോഷ പരിപാടികളുടെ ഭാഗമായി 'ഒരു ദേശത്തിന്റെ കഥ' ചരിത്ര സെമിനാറിൽ ഡോ. M R രാഘവവാര്യർ ആമുഖ പ്രഭാഷണം നടത്തി. കോഴിക്കോടിന്റെ ചരിത്ര മുഹൂർത്തങ്ങൾ വിർച്വൽ റിയാലിറ്റിയിലൂടെ അനുഭവിച്ചറിയാൻ സെമിനാറിൽ അവസരം ഒരുക്കി.

RNUTVPM

**************************************

## ഓഹരി, സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 183 പോയിന്റ് ഉയർന്ന് 75,494 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 70 പോയിന്റ് കൂടി 22,904 ലും വ്യാപാരം തുടരുന്നു. സ്വർണ വിലയിൽ വർധന . സ്വർണം ഗ്രാമിന് 40 രൂപ ഉയർന്ന് 8,290 രൂപയും , പവന് 320 രൂപ വർധിച്ച് 66,320 രൂപയുമാണ് ഇന്നത്തെ വില .

****************************************************************************************************
************************************************